**ലോട്ടറി രംഗത്തെ കർമ്മ പദ്ധതികൾക്കായി - കമ്മീഷൻ**

244 (592) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറിരംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യകാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുമുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്ന് ലഭ്യമാകും ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പും നടത്തി വരുന്നു. ഭാഗ്യക്കുറിയുടെ ഘടന കാലോചിതമായി പരിഷ്കരിക്കുകയും ടിക്കറ്റ് വിലയിലും സമ്മാന തുകയിലും വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി ടിക്കറ്റിന്റെ വിപണിയിലെ ആവശ്യം കണക്കിലെടുത്ത് എല്ലാ ഏജന്റുമാർക്കും ടിക്കറ്റ് ലഭിക്കത്തക്കവിധത്തിൽ ടിക്കറ്റ് അച്ചടിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ 500 മുതൽ 5000 വരെയുള്ള സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ലോട്ടറി ഏജന്റ്മാർക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന രീതിയിൽ SBT മുഖാന്തരം e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ലോട്ടറി വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും നടന്നുവരുകയാണ്. ഭാഗ്യക്കുറി നറുക്കെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നറുക്കെടുപ്പ് തത്സമയ സംപ്രേക്ഷണം ചെയ്യുന്ന കാര്യവും പരിശോധിക്കുന്നതാണ്. സംസ്ഥാന ഭാഗ്യക്കുറിക്ക് ജനകീയമുഖം നൽകുന്ന കാരുണ്യ പദ്ധതി പ്രകാരം കൂടുതൽ രോഗികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്. കൂടാതെ ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി മുഖേന അംഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങളും ക്ഷേമ പെൻഷനുകളും നൽകിവരുന്നുണ്ട്.

(ബി) ഭാഗ്യക്കുറി വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിന് 13-12-2013-ലെ സ.(സാധാ)നമ്പർ 973/13/നി.വ പ്രകാരം, റിട്ട. ജില്ല ജഡ്ജി ശ്രീ. ഡി. പ്രേമ ചന്ദ്രനെ ഏകാംഗകമ്മിഷനായി നിയമിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 1. ടിക്കറ്റ് വിതരണത്തിലെ വിവേചനം, ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്ന ആക്ഷേപം.

2. ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി ഏജന്റ് കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത.

3. ഒരേ നമ്പരിലുള്ള 2 ടിക്കറ്റുകൾ വിതരണം ചെയ്യ സംഭവം ടിക്കറ്റ് പ്രന്റിംഗിലേയും വിതരണത്തിലെയും നിലവിലുള്ള അപാകതകൾ.

4. ടിക്കറ്റ് വിൽപ്പനമൂലം ലഭിക്കുന്ന തുക യഥാസമയം ട്രഷറിയിൽ അടക്കാതിരിക്കുന്ന വീഴ്ച.

5. അന്യ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധാന്തി ഇല്ലായ്മ.

(ഡി-ഇ) കമ്മീഷൻ ഇതിനോടകം തന്നെ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു.

**കെ.എസ്.എഫ്.ഇ.യിലെ ജീവനക്കാരുടെ പെൻഷൻ പ്രായം**

245 (593) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly